ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഇടുക്കി
ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്റർ, സിവിൽ സ്റ്റേഷൻ, പൈനാവ്.പി.ഒ
കുയിലിമല, പിൻ - 685603
ഇമെയിൽ : deocidk@gmail.com
ഫോൺ : 04862 233111, 233130, മൊബൈൽ : 9383463036,7034447100

Break the Chain

**ജില്ലാ കളക്ടർ & ചെയർപേഴ്സൺ**
**ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ഇടുക്കിയുടെ നടപടിക്രമം**
**(ഹാജർ: ഷീബ ജോർജ്ജ് ഐ എ എസ്)**

വിഷയം: ദുരന്തനിവാരണം - കൊവിഡ് - 19 - രോഗവ്യാപനം തടയുന്നതിനുള്ള നടപടികൾ - ലോക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവുകൾ അനുവദിച്ച് ഉത്തരവായത് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) ഈ കാര്യാലയത്തിലെ 28-07-2021 ലെ DCIDK/2584/2021 – DM1 നമ്പർ നടപടിക്രമം
2) സ.ഉ(സാധാ) നം. 550/2021/ഡി.എം.ഡി തീയതി 28.07.2021.

**ഉത്തരവ് നമ്പർ DCIDK/2584/2021 – DM1 (1) തീയതി: 28.07.2021**

കോവിഡ്-19 നിർവ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ആകെ പ്രഖ്യാപിച്ചിട്ടുള്ള ലോക്ഡൌണിൽ ഏർപ്പെടുത്തിയിട്ടുള്ള പൊതു നിയന്ത്രണങ്ങൾക്ക് കൂടുതൽ ഇളവുകൾ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കൊവിഡ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നാല് വിഭാഗങ്ങളായി തിരിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

ലോക്ക്ഡൌൺ നിയന്ത്രണങ്ങളിൽ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ജില്ലയിൽ ചുവടെ ചേർക്കും പ്രകാരം നിയന്ത്രണങ്ങൾ/ ഇളവുകൾ അനുവദിച്ച് ഉത്തരവാകുന്നു.

i) നീറ്റ് പരീക്ഷകളുടെ ആവശ്യകത പരിഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മറ്റ് കടകൾക്ക് തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടുള്ള ദിവസങ്ങളിൽ ഫോട്ടോ സ്റ്റുഡിയോകൾക്കും തുറന്ന് പ്രവർത്തിക്കാവുന്നതാണ്.
ii) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിറ്റിക്സ് വകുപ്പിന്റെ പ്രൈസ് സെക്ഷനെ അവശ്യ സർവ്വീസായി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ടി സെക്ഷന് ആവശ്യാനുസരണം ജീവനക്കാരെ ഡ്യൂട്ടിയ്ക്ക് നിയോഗിച്ച് എല്ലാ ദിവസങ്ങളിലും പ്രവർത്തിക്കാവുന്നതാണ്.
iii) വിത്തുകളും വളങ്ങളും വില്ക്കുന്ന കടകളെ അവശ്യ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

മേൽ പരാമർശിച്ച കൂട്ടിച്ചേർക്കലുകളോടു കൂടി പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

ഈ ഉത്തരവിന് 29.07.2021 തീയതി 00:00 മണി മുതൽ 04.08.2021 തീയതി 23:59 മണി വരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ജില്ലാ കളക്ടർ & ചെയർപേഴ്സൺ
ജില്ലാ ദുരന്തനിവാരണ അതോറിറ്റി

സ്വീകർത്താക്കൾ -

1. ജില്ലാ പോലീസ് മേധാവി, ഇടുക്കി
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), ഇടുക്കി
3. റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ, ഇടുക്കി
4. സബ് കളക്ടർ, ദേവികുളം.
5. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി.
6. എല്ലാ തഹസിൽദാർമാർക്കും.
7. സെക്രട്ടറി, തൊടുപുഴ/കട്ടപ്പന നഗരസഭ.
8. സെക്ടറൽ മജിസ്ട്രേറ്റുമാർക്ക് (തഹസിൽദാർമാർ മുഖേന)
9. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (ഡിഡിപി മുഖേന)
10. എല്ലാ വില്ലേജ് ഓഫീസർമാർക്കും (തഹസിൽദാർ മുഖേന)

പകർപ്പ് -

1. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ഇടുക്കി, തൊടുപുഴ
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി (പ്രസിദ്ധീകരണത്തിനായി)
3. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി, ഇടുക്കി (ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലേക്ക്